**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **29-08-2022 - ൽ മറുപടിയ്ക്ക്**

**2019-ലെ ബഫർ സോൺ ഉത്തരവ് പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ എം വിൻസെൻറ് , ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല ആയിരിക്കണമെന്ന സുപ്രീം കോടതി വിധി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹു. സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.<br><br>ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ ഇതുമായി ബന്ധപ്പെട്ട ഒരു പഠന റിപ്പോർട്ട് ഈ മാസം സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല വന്നുകഴിഞ്ഞാൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | പരിസ്ഥിതിലോല മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ബഫർ സോണുമായി ബന്ധപ്പെട്ട 2019 ലെ മന്ത്രി സഭാ തീരുമാനത്തെ തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം 31-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടു വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കി.മീ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ച ശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്നതാണ്. കരട് വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ച ശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളേയും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28.09.2020 ൽ അന്നത്തെ ബഹു. വനം വന്യജീവി വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗ തീരുമാനവും 31.10.2019 ലെ സർക്കാർ ഉത്തരവിന് അകത്തു നിന്നു കൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കി.മീ എന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ യോഗതീരുമാന പ്രകാരം തയ്യാറാക്കിയ ജനവാസ മേഖലകളും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാക്കുന്നതിന് വേണ്ടിയാണ് 27.07.2022 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം ബഹു. സുപ്രീം കോടതിയിൽ പുനപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. 2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അംഗീകരിച്ച് ജനവാസ മേഖലകൾ ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും ഒഴിവാക്കി കിട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് ബഹു. സുപ്രീം കോടതിയുടെ കൂടി അംഗീകാരം ലഭ്യമാക്കുകയാണ് വേണ്ടത്. ഇതിനു വേണ്ടിയാണ് കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കൂടി ചൂണ്ടിക്കാണിച്ചു കൊണ്ട് 17.08.2022 ന് സംസ്ഥാനം ബഹു. സുപ്രീം കോടതിയിൽ പുനപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. അതിനാൽ തന്നെ ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ല. |
| (സി) | സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ 2022 ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ 2019-ൽ ബഫർ സോണുമായി ബന്ധപ്പെട്ട മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | 31-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടു വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കി.മീ വരെ (0-1 കി.മീ ) ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചു കൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കി.മീ നിർബന്ധമായും ബഫർ സോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. 31.10.2019 ലെ ഉത്തരവിന്റേയും 28.09.2020 ലെ മന്ത്രിതല യോഗ തീരുമാന പ്രകാരവും തയ്യാറാക്കിയ ജനവാസ മേഖലകളും സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാക്കുന്നതിന് വേണ്ടിയാണ് 27.07.2022 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം ബഹു. സുപ്രീം കോടതിയിൽ പുനപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹു. സുപ്രീം കോടതി വിധി നിലനിൽക്കെ അനാവശ്യമായി 31.10.2019 ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ